<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2999</u>    <u>22.06.2012- ൽ മറുപടി നൽകേണ്ടിയിരുന്നത്</u>

<u>കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റുമാരുടെ റേഷ്യോ പ്രൊമോഷൻ</u>

| <u>ചോദ്യം</u><br>ശ്രീ.കെ.രാജു | <u>ഉത്തരം</u><br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൃഷി വകുപ്പിൽ ആകെ എത്ര കൃഷി അസിസ്റ്റന്റുമാർ ജോലി നോക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ കൃഷി അസിസ്റ്റന്റ് ഹയർ ഗ്രേഡ്, കൃഷി അസിസ്റ്റന്റ് സീനിയർ ഗ്രേഡ്, കൃഷി അസിസ്റ്റന്റ് ഗ്രേഡ് - I, കൃഷി അസിസ്റ്റന്റ് ഗ്രേഡ് - II എന്നീ വിഭാഗങ്ങളിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ; | (എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റുമാരുടെ 3085 അംഗീകൃത തസ്തികകളുണ്ട്. നിലവിൽ ഇപ്പോൾ 2826 കൃഷി അസിസ്റ്റന്റുമാർ ജോലി നോക്കുന്നുണ്ട്. ഇവരുടെ ഗ്രേഡ് തിരിച്ചുള്ള കണക്ക് താഴെച്ചേർക്കുന്നു.<br><br>സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റ് - 350<br>ഒന്നാം ഗ്രേഡ് കൃഷി അസിസ്റ്റന്റ് - 588<br>രണ്ടാം ഗ്രേഡ് കൃഷി അസിസ്റ്റന്റ് - 1888 |
| (ബി) നിലവിൽ കൃഷി അസിസ്റ്റന്റുമാരുടെ ഗ്രേഡ് പ്രൊമോഷനുള്ള റേഷ്യോ ഏതെന്ന് വ്യക്തമാക്കുമോ; ഇപ്രകാരമുള്ള റേഷ്യോ പ്രൊമോഷൻ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) നിലവിൽ കൃഷി അസിസ്റ്റന്റുമാർക്ക് 2-ാം ഗ്രേഡ് കൃഷി അസിസ്റ്റന്റ്, 1-ാം ഗ്രേഡ് കൃഷി അസിസ്റ്റന്റ്, സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റ് എന്നീ ക്രമത്തിൽ 5:3:2 റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. റേഷ്യോ പ്രൊമോഷൻ നടത്തിയിട്ടുണ്ട്. തുടർന്നും റേഷ്യോ പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ